# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2683

10/12/2014-ൽ മറുപടിക്ക്

## അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള മരുന്നുകളുടെ ഗുണ നിലവാര പരിശോധന

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ വിൽപന നടത്തുന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

കേരളാ വിപണിയിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ വിവിധ കാരണങ്ങളാൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിൽപന തടയുകയും, മരുന്നുകളുടെ ചേരുവകകൾ 70 ശതമാനത്തിൽ താഴുകയോ കുത്തിവെയ്പിനുള്ള മരുന്നുകൾ അണുവിമുക്തമല്ലെന്നോ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ നിർമ്മാതാവിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതും Dissolution, Disintegration എന്നീ minor വീഴ്ചകൾക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനും, ക്യാൻസൽ ചെയ്യുന്നതിനും, പ്രസ്തുത മരുന്നുകളുടെ വിൽപ്പന തടയുന്നതിനും, അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാരോട് ശുപാർശ ചെയ്യുന്നുണ്ട്. കൂടാതെ എസ്.എം.എസ് സംവിധാനം വഴി ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെ വിശദാംശങ്ങൾ, കേരളത്തിലെ ആരോഗ്യ മേഖലയിലുള്ളവരെ (ഫാർമസിസ്റ്റുകൾ, ഡോക്ടർമാർ, നഴ്സുമാർ) അറിയിക്കാറുണ്ട്. ഇപ്രകാരം വളരെ ഫലപ്രദമായ ഒരു സംവിധാനമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

സെക്ഷൻ ഓഫീസർ